**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3633** **08-10-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിലെ ജൂത സെമിത്തേരിയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ ജൂത സെമിത്തേരി സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എ) | പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള എറണാകുളം ജൂത സെമിത്തേരിയിൽ 2014 ൽ കാട് നീക്കി വൃത്തിയാക്കുകയും, മാലിന്യം നീക്കം ചെയ്ത് വകുപ്പിന്റെ ബോർഡ് സ്ഥാപിക്കുകയും, അടിയന്തര സംരക്ഷണ പ്രവൃത്തികൾ ചെയ്യുകയുമുണ്ടായി. 2016 ലും ജൂതസെമിത്തേരിയിലെ കാട് നീക്കി വൃത്തിയാക്കുന്ന പ്രവർത്തികൾ ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സെമിത്തേരിയിലെ സംരക്ഷണ പ്രവൃത്തികളും, സംരക്ഷണ വേലി നിർമ്മിക്കുന്ന പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ജൂത സെമിത്തേരിയുടെ സൗന്ദര്യവൽക്കരണം സംബന്ധിച്ച് ജൂത സമൂഹവുമായി പുരാവസ്തു വകുപ്പ് ചർച്ചകൾ നടത്തിയിട്ടുള്ളതാണെങ്കിലും പദ്ധതി അന്തിമരൂപത്തിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ